6. അന്താരാഷ്ട്രതലത്തിൽ മത്സരത്തിന് കർഷക സമൂഹത്തെ പ്രാപ്തമാക്കാൻ കാർഷിക വ്യാപാരം സംബന്ധിച്ച വിവരങ്ങൾ അപ്പപ്പോൾ ലഭ്യമാക്കുന്നതിന് ഒരു 'വെർച്വൽ യൂണിവേഴ്സിറ്റി' സ്ഥാപിക്കുക.

7. കാർഷിക കയറ്റുമതി മേഖല, സംസ്ഥാനത്തെ ആറു കാർഷിക മൊത്ത വ്യാപാര മാർക്കറ്റുകളുമായി ബന്ധിപ്പിക്കുക.

8. സസ്യ ഔഷധവും, ആയുർവ്വേദവും പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്ത് ഒരു 'ഹെർബൽ ബയോവാലി' വികസിപ്പിക്കുകയും ചെയ്യുക.

9. മലബാർ കുരുമുളകുപോലെ സംസ്ഥാനത്തിന് മാത്രം അവകാശപ്പെടാവുന്ന വിളകൾക്ക് 'ജിയോഗ്രാഫിക് ഇൻഡിക്കേഷൻ' സംരക്ഷണം നേടിയെടുക്കുക.

10. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മാ നിലവാര നിഷ്ക്കർഷകൾ ഏർപ്പെടുത്തുകയും പരിശീലനം നൽകുകയും ചെയ്യുക.

11. സമുദ്രോല്പന്നങ്ങളുടെ ആഭ്യന്തര, കയറ്റുമതി വിപണി വിപുലമാക്കുക.

12. കിസാൻ ക്രെഡിറ്റ് കാർഡുസമ്പ്രദായം വിപുലപ്പെടുത്തുക.

13. ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ കേരളത്തിന്റെ എല്ലാ പ്രധാന വിളകളെയും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുക.

14. ഇൻഡ്യയ്ക്കൊട്ടാകെ ഒരു പൊതു വിപണി ഉണ്ടാകുന്നത് കർഷകർക്ക് ഗുണകരമായിരിക്കുമെന്നതിനാൽ അതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ശ്രദ്ധിക്കുക.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

വരൾച്ചമൂലം നാണ്യവിളകൾക്കും തോട്ടവിളകൾക്കും ഉണ്ടായ കൃഷിനാശം

53 [2916] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഉണ്ടായ വരൾച്ചയെ തുടർന്ന് നാണ്യവിളകൾക്കും തോട്ട വിളകൾക്കും ഉണ്ടായ കൃഷിനാശം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച വിവിധ മേഖലകളിലെ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇതിലേക്ക് സർക്കാർ എന്ത് തുക ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) വരൾച്ചമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള നഷ്ടപരിഹാരം 2003 റാബി സീസൺ മുതൽ നൽകിവരുന്നു.

വരൾച്ചമൂലം 25 ശതമാനമോ അതിൽ കൂടുതലോ കൃഷിനാശം സംഭവിച്ച കർഷകർക്ക് വീണ്ടും വിളയിറക്കുന്നതിന് വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്തുവരുന്നു.

വായ്പ എടുത്ത് കൃഷി ചെയ്യുകയും കൃഷിനാശം മൂലം വായ്പ തുക തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടുകയും ചെയ്യുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനായി 23-1-2004 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മോറട്ടോറിയം കാലത്തെ പലിശയും പിഴപലിശയും ഗവൺമെന്റ് നൽകുന്നതാണ്. ഇതിനുവേണ്ടി 2004-2005 വർഷത്തെ ബജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി നാശത്തിനുള്ള ധനസഹായം ലഭിക്കുന്നതിനുള്ള കർഷകന്റെ വാർഷിക വരുമാന പരിധി 25,000 രൂപയായിരുന്നത് നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ ഭൂപരിധിയിലും ഇളവ് നൽകിയിട്ടുണ്ട്.

(ഡി) 3430.98 ലക്ഷം രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുള്ളതിൽ നാളിതുവരെയായി 2964.57 ലക്ഷം രൂപ വിതരണം ചെയ്തു കഴിഞ്ഞു.

നെൽപാടങ്ങൾ നികത്തുന്നത് തടയാൻ പുതിയ പദ്ധതി

54 [2917] ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലത്ത് സംസ്ഥാനത്ത് എത്രത്തോളം നെൽപാടങ്ങൾ ഓരോ വർഷവും കുറവുവന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് നെൽപാടങ്ങൾ നികത്തുന്നതിന് അനുമതി നൽകുന്നത്;

(സി) നിലവിലുള്ള നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചും അനധികൃതമായും സംസ്ഥാന വ്യാപകമായി നെൽപാടങ്ങൾ നികത്തുന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly